# ജമാഅത്തെ ഇസ്‌ലാമി കേന്ദ്രശൂറാ പ്രമേയങ്ങൾ

**2008 ഒക്ടോബർ 14 മുതൽ മൂന്ന്ദിവസങ്ങളിലായി ചേർന്ന ജമാഅത്തെ ഇസ്‌ലാമി കേന്ദ്ര കൂടിയാലോചനാ സമിതിയോഗം ലോക സാമ്പത്തിക പ്രതിസന്ധി, ഭീകരവാദം, മുസ്‌ലിം സമുദായത്തിനെതിരെയുള്ള ആരോപണങ്ങൾ, ആസാമിലെയും ഒറീസയിലെയും ന്യൂനപക്ഷ വിരുദ്ധ കലാപങ്ങൾ, ഗുജറാത്ത് കലാപത്തെ കുറിച്ചുള്ള നാനാവതി കമീഷൻ റിപ്പോർട്ട് തുടങ്ങി നിരവധി വിഷയങ്ങൾ ചർച്ച ചെയ്തു. ശൂറ അംഗീകരിച്ച പ്രമേയങ്ങൾ താഴെ**

## ആഗോള സാമ്പത്തിക പ്രതിസന്ധി

ലോക സാമ്പത്തിക പ്രതിസന്ധിയെ വളരെ ആശങ്കയോടെയാണ് കേന്ദ്ര മജ്‌ലിസ് ശൂറ നോക്കിക്കാണുന്നത്. സാമ്പത്തിക മാന്ദ്യം, അഭൂതപൂർവമായ വിലക്കയറ്റം, ഭക്ഷ്യപ്രതിസന്ധി, തൊഴിലില്ലായ്മ, ധനകാര്യ സ്ഥാപനങ്ങളുടെ തകർച്ച ഇതൊക്കെ ഏറ്റവും പ്രതികൂലമായി ബാധിക്കുന്നത് രാജ്യത്തെ ദരിദ്രരായ സാധാരണക്കാരെയാണ്. മുതലാളിത്ത ശക്തികളുടെ ആർത്തിയും ലാഭക്കൊതിയും മാത്രമല്ല, പലിശയുടെയും ഊഹത്തിന്റെയും മേൽ കെട്ടിപ്പൊക്കിയ സാമ്പത്തിക നയങ്ങളും ഈ തകർച്ചക്ക് കാരണമാണ്. മുതലാളിത്ത വ്യവസ്ഥയുടെ വിനാശകരവും വികൃതവുമായ മുഖം വെളിപ്പെട്ടതോടെ, പുതിയൊരു ബദലിന് വേണ്ടിയുള്ള അന്വേഷണത്തിലാണ് ലോകം. ഈ പ്രതിസന്ധി മറികടക്കാനുള്ള ശരിയായ വഴി, ലോകവും നമ്മുടെ രാജ്യവും പലിശയിലും ഊഹത്തിലും അധിഷ്ഠിതമായ കൊള്ളോണിയൽ സാമ്പത്തിക നയങ്ങൾ കൈവെടിയുകയും നീതിപുലരുന്ന ഒരു വ്യവസ്ഥക്ക് വേണ്ടി ശ്രമിക്കുകയും ചെയ്യുക എന്നതാണ്.

പ്ലാനിംഗ് കമീഷൻ നിശ്ചയിച്ച രഘുരാജൻ കമ്മിററി മുന്നോട്ടുവെച്ച പലിശരഹിത ബാങ്കിംഗ് ആകാമെന്ന നിർദേശത്തിന് ഉടനടി നിയമപ്രാബല്യം നൽകണമെന്ന് ശൂറ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രതിസന്ധിക്കുള്ള ശാശ്വത പരിഹാരം ഇതാണെന്ന് ശൂറ കരുതുന്നു.

## വിധ്വംസക പ്രവർത്തനവും ഭീകരവാദവും

വർധിച്ചുവരുന്ന വിധ്വംസക പ്രവർത്തനങ്ങളിലും ബോംബ് സ്ഫോടനങ്ങളിലും ശൂറ അതിയായ ഉത്കണ്ഠ രേഖപ്പെടുത്തുന്നു. സ്ഫോടനങ്ങളിലും മറ്റു വിധ്വംസക പ്രവൃത്തികളിലും ഒട്ടേറെ നിരപരാധികളുടെ ജീവനാണ് പൊലിഞ്ഞത്. അവരുടെ കുടുംബങ്ങളുടെ ദയനീയ സ്ഥിതി ആരെയും നടുക്കുന്നതാണ്. ഈ സംഭവങ്ങളെക്കുറിച്ച് സത്യസന്ധവും നിഷ്പക്ഷവുമായ അന്വേഷണം നടക്കണം. വിധ്വംസക പ്രവൃത്തികൾ ആവർത്തിക്കപ്പെടാതിരിക്കാനുള്ള ഫലപ്രദമായ കർമപരിപാടികൾ ആവിഷ്കരിക്കണം.

ഇത്തരം സംഭവങ്ങളിൽ അന്വേഷണം നടത്താതെയും തെളിവ് ഹാജരാക്കാതെയും പോലീസും ഭരണകൂടവും മുസ്‌ലിംകളെ പ്രതിപ്പട്ടികയിൽ ചേർക്കുന്നത് അങ്ങേയറ്റം ആശങ്കാജനകമാണ്. മീഡിയ ഇതിന് പിന്തുണ നൽകുന്നു എന്നു മാത്രമല്ല, പോലീസിന്റെ അടിസ്ഥാനരഹിതമായ ആരോപണങ്ങൾ പൊലിപ്പിച്ച് പൊതുസമൂഹത്തിന് മുമ്പിൽ അവതരിപ്പിക്കുകയും ചെയ്യുന്നു. തുടർന്ന് നിരപരാധികളായ ധാരാളമാളുകളെ അറസ്റ്റ് ചെയ്യുന്നു. മുസ്‌ലിംകൾ താമസിക്കുന്ന പ്രദേശങ്ങളിൽ ഭീകരാന്തരീക്ഷം സൃഷ്ടിക്കുന്നു. യാതൊരു തെളിവുമില്ലാതെയാണ് ഈ നടപടികളൊക്കെ. ആഗോള നീക്കങ്ങളുടെ പ്രതിഫലനമാണ് ഇവിടെയും കാണുന്നത്. ഇത്തരമൊരു അവസ്ഥയിൽ മുസ്‌ലിംകളിൽ നിരാശയും അമർഷവും അസ്വസ്ഥതയും ഉണ്ടാവുക സ്വാഭാവികം. മറുവശത്ത് സമുദായങ്ങൾ തമ്മിലുള്ള അകൽച്ചയും സംശയവും വർധിച്ചുവരികയും ചെയ്യുന്നു. ഈ സ്ഥിതിവിശേഷം ഇല്ലാതാക്കാൻ സത്വര നടപടികൾ സ്വീകരിച്ചില്ലെങ്കിൽ, ശിഥിലീകരണ ശക്തികൾക്ക് മാത്രമാവും അത് പ്രയോജനം ചെയ്യുക. നിഷ്പക്ഷമായ അന്വേഷണം നടത്തി കുറ്റവാളികൾ ആരായാലും അവരെ പിടികൂടി ശിക്ഷിക്കണമെന്ന് ശൂറ കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെടുന്നു. കുറ്റവാളികളല്ലെന്ന് വ്യക്തമായവരെ ഉടൻ മോചിപ്പിക്കുകയും വേണം. മനുഷ്യാവകാശ കമീഷന്റെയും സുപ്രീം കോടതിയുടെയും നിർദേശങ്ങൾക്കൊത്താണ് പോലീസ് പ്രവർത്തിക്കുന്നതെന്നും അവർ മനുഷ്യാവകാശ ലംഘനങ്ങൾ നടത്തുന്നില്ലെന്നും ഉറപ്പുവരുത്തണം. പോലീസ് ബലപ്രയോഗത്തിലൂടെ തരപ്പെടുത്തിയ കുറ്റസമ്മതങ്ങൾ മീഡിയ പ്രചരിപ്പിച്ചുകൊണ്ടേയിരിക്കുകയാണ്. ഇത് വ്യക്തമായ നിയമലംഘനമാണ്. ഇതിന് ഉടൻ അറുതി വരുത്തണം. മുസ്‌ലിംകൾ അമർഷത്തിനും നിരാശക്കും വഴിപ്പെടുന്നതിന് പകരം, അല്ലാഹുവിലേക്ക് മടങ്ങണമെന്നും ശരിയായ ദീനനുസരിച്ച് ജീവിക്കാൻ സന്നദ്ധരാകണമെന്നും ശൂറ താൽപര്യപ്പെടുന്നു. സമുദായത്തിൽ ഐക്യനിര കെട്ടിപ്പടുക്കാനാവണം അവർ ശ്രദ്ധിക്കേണ്ടത്. എന്നിട്ട് നീതി പുലരണമെന്ന് ആഗ്രഹിക്കുന്ന എല്ലാവരുമായും ചേർന്ന് അനീതിക്കെതിരെ ശബ്ദമുയർത്തണം.

## ജസ്റ്റിസ് നാനാവതി കമീഷൻ റിപ്പോർട്ട്

2002-ലെ ഗോധ്രാ സംഭവത്തെയും തുടർന്നുണ്ടായ ഗുജറാത്ത് കലാപത്തെയും കുറിച്ച് ജസ്റ്റിസ് നാനാവതി കമീഷൻ തയാറാക്കിയ റിപ്പോർട്ടിന്റെ ആദ്യഭാഗം അസ്വസ്ഥജനകവും അപ്പടി തള്ളിക്കളയേണ്ടതുമാണെന്ന് ശൂറ കരുതുന്നു. അഹ്മദാബാദിലെ ഫോറൻസിക് ലബോറട്ടറി കണ്ടെത്തിയ വസ്തുതകളും ജസ്റ്റിസ് യു.സി ബാനർജി കമ്മിറ്റി സമർപ്പിച്ച തെളിവുകളും പാടെ അവഗണിച്ചുകൊണ്ട്, കലാപകാരികളുടെയും കള്ളസാക്ഷികളുടെയും വിവരണങ്ങൾ മാത്രം അടിസ്ഥാനപ്പെടുത്തി ഗോധ്രയിലെ നിരപരാധരായ മുസ്‌ലിംകളെ സംഭവത്തിന് ഉത്തരവാദികളായി മുദ്രകുത്തിയിരിക്കുകയാണ്. മറുവശത്ത്, നരേന്ദ്ര മോഡിയുടെ ഭരണകൂട ഭീകരതയെയും കലാപകാരികളുടെ ഭയാനകമായ വംശഹത്യയെയും തേച്ച് മായ്ക്കാനും നാനാവതി ശ്രമിച്ചിരിക്കുന്നു. സത്യത്തിനും നീതിക്കും ഒട്ടും നിരക്കാത്തതാണ് ഈ റിപ്പോർട്ട്. ഏതാനും മാസം മുമ്പ് *തെഹൽക* മാഗസിൻ സ്റ്റിങ് ഓപ്പറേഷനിലൂടെ കലാപം നടത്തിയത് ആരാണെന്ന് കലാപകാരികളുടെ തന്നെ വാക്കുകളിലൂടെ പുറത്തുകൊണ്ടുവന്നതാണ്. ജസ്റ്റിസ് ഷായും ജസ്റ്റിസ്

നാനാവതിയും ഉൾപ്പെടുന്ന കമീഷൻ തയാറാക്കിയ റിപ്പോർട്ട് വിശ്വാസയോഗ്യമല്ലെന്നും പക്ഷപാതപരമാണെന്നും ദേശീയ മനുഷ്യാവകാശ കമീഷൻ മുൻ ചെയർമാൻ ജസ്റ്റിസ് ജെ.എസ് വർമയും പത്രപ്രവർത്തകൻ കുൽദീപ് നയാറും ചൂണ്ടിക്കാട്ടിയിരുന്നതാണ്. ഇന്ത്യയിലെ പൊതുസമൂഹവും നീതിബോധമുള്ള മുഴുവൻ ആളുകളും ഈ പക്ഷപാതപരമായ റിപ്പോർട്ട് തള്ളിക്കളയുമെന്ന് ശൂറ പ്രതീക്ഷിക്കുന്നു. 2002-ലെ ഗോധ്രാ സംഭവവും ഗുജറാത്ത് കലാപവും സി.ബി.ഐയോ കേന്ദ്രം നിശ്ചയിക്കുന്ന ജുഡീഷ്യൽ എൻക്വയറി കമീഷനോ അന്വേഷിക്കണമെന്ന് കേന്ദ്രത്തോട് ആവശ്യപ്പെടുകയും ചെയ്യുന്നു.

## സംസ്ഥാനങ്ങളിലെ ന്യൂനപക്ഷവിരുദ്ധ കലാപങ്ങൾ

ഒറീസ, ആസാം, കർണാടക, മഹാരാഷ്ട്ര, രാജസ്ഥാൻ, മധ്യപ്രദേശ്, ആന്ധ്രപ്രദേശ് എന്നീ സംസ്ഥാനങ്ങളിൽ അടുത്ത കാലത്തുണ്ടായ ന്യൂനപക്ഷവിരുദ്ധ കലാപങ്ങൾ അത്യന്തം ഉത്കണ്ഠാജനകമാണ്. കലാപം പടരുമ്പോൾ കേന്ദ്ര സംസ്ഥാന സർക്കാറുകൾ കാണിച്ച നിസ്സംഗതയിലും അലംഭാവത്തിലും ഉത്തരവാദിത്വ നിർവഹണത്തിൽ വരുത്തിയ വീഴ്ചയിലും ശൂറ കടുത്ത ഭാഷയിൽ പ്രതിഷേധം രേഖപ്പെടുത്തുന്നു. ഒറീസയിലും കർണാടകയിലും ക്രിസ്ത്യാനികൾക്കെതിരെ മൃഗീയമായ അതിക്രമങ്ങളാണ് നടന്നത്. മനുഷ്യർ ജീവനോടെ ചുട്ടെരിക്കപ്പെട്ടു. കന്യാസ്ത്രീകൾ ബലാത്സംഗം ചെയ്യപ്പെടുകയും ആരാധനാലയങ്ങൾ തകർക്കപ്പെടുകയും ചെയ്തു. ഇത് ഇന്ത്യയുടെ പ്രതിഛായ കളങ്കപ്പെടുത്തി. മുസ്‌ലിംകൾക്കെതിരിലും പലേടത്തും കലാപങ്ങൾ അരങ്ങേറുന്നു. വഷളായിക്കൊണ്ടിരിക്കുന്ന ചുറ്റുപാടുകൾ കണ്ടറിഞ്ഞ് ജാഗ്രത പാലിക്കാനും ശിഥിലീകരണ ശക്തികളെ നിലക്ക് നിർത്താനും ഈ സംസ്ഥാനങ്ങളിലെ ഭരണകൂടങ്ങൾക്കൊന്നും കഴിഞ്ഞിട്ടില്ലെന്നതാണ് സത്യം. പോലീസ് പലപ്പോഴും നോക്കുകുത്തികളായി നിൽക്കുകയാണ്; ചിലപ്പോഴൊക്കെ കലാപകാരികൾക്കൊപ്പം ചേരുകയും ചെയ്യുന്നു. കേന്ദ്ര ഗവൺമെന്റാകട്ടെ ഇതെല്ലാം കണ്ടില്ലെന്ന് നടിക്കുകയാണ്. ജനങ്ങളെ ബോധവത്കരിക്കാനും സമുദായങ്ങൾക്ക് നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന പരസ്പര വിശ്വാസം വീണ്ടെടുക്കാനും നീതിയിലും ധർമത്തിലും വിശ്വാസമുള്ള എല്ലാവരും രംഗത്ത് വരികയേ നിവൃത്തിയുള്ളൂ.

എല്ലാ കലാപങ്ങളും നിഷ്പക്ഷമായി അന്വേഷിച്ച് കുറ്റവാളികളെ മുഖം നോക്കാതെ ശിക്ഷിക്കണമെന്ന് ശൂറ ആവശ്യപ്പെടുന്നു. കലാപത്തിന്റെ ഇരകൾക്ക് മതിയായ നഷ്ടപരിഹാരം നൽകണം. കുറ്റവാളികളായ പോലീസ് ഉദ്യോഗസ്ഥരെ നിയമത്തിന് മുമ്പിൽ കൊണ്ടുവരണം. പ്രകോപനപരമായി പെരുമാറുന്ന മീഡിയയെ നിയന്ത്രിക്കാൻ നിയമനിർമാണം നടത്തണം. ■